AIM HIGH, TOGETHER WE FLY

THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

# QUESTION BANK
# GRADE-X
# CHAPTER-V

## അമ്മത്തൊട്ടിൽ

**I.**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക

**1.**അമ്മത്തൊട്ടിൽ എന്ന കവിത എഴുതിയത് ആര്**?**

**2.**അമ്മത്തൊട്ടിൽ എന്ന കവിതയിലെ പ്രമേയം എന്ത്**?**

**3.**പാടയും പീളയും മൂടിയ കണ്ണുകൾ ഏറെ പണിപ്പെട്ടടച്ച് തുറന്നതാര്**?**

**4.**തലയിൽ നിന്നും ജീവിതത്തിൽ നിന്നും അമ്മയെ ഇറക്കിവിടാൻ ശ്രമിക്കുന്നത് ആരാണ്**?**

**5.**അമ്മയെ തെരുവിൽ ഉപേക്ഷിക്കാൻ കഴിയാത്തത് എന്തുകൊണ്ട്**?**

**6.**തെരുവ് പട്ടിയുടെ ഊറ്റത്തോടെയുള്ള കരച്ചചാട്ടം നമ്മെ ഓർമ്മപ്പെടുത്തുന്നത് എന്ത്**?**

**7.**ഒരേയൊരു രാക്കട ഉള്ളത് എവിടെയാണ്**?**

**8.**ജില്ലാ ആശുപത്രിയിൽ മകൻ എന്തിനു വേണ്ടിയാണ് വന്നത്**?**

**9.**സൂചി പ്രയോഗത്തിൽ നീറ്റൽ വീണ്ടും അനുഭവപ്പെട്ടത് എവിടെവെച്ച്**?**

**10.**പൊട്ടിക്കരഞ്ഞും ശഠിച്ചും കുട്ടി എവിടേക്കാണ് പോയത്**?**

**11.**അമ്മ ഉച്ചയാവോളം കാത്തു നിന്നത് എവിടെ**?**

**12.**ആരോ പിച്ചിയതുപോലെ മകന് അനുഭവപ്പെട്ടത് എവിടെ വെച്ച്**?**

**13.**ആരുടെ ചങ്കിലാണ് കരച്ചിൽ കുരുങ്ങിപ്പിടഞ്ഞത്**?**

**14.**എവിടെ നിന്നുമാണ് പെട്ടെന്ന് വാഹനം മുന്നോട്ട് പോയത്**?**

**15.**പുറത്തേക്ക് അശാന്തനായി കാറ്റുകൊള്ളാൻ ഇറങ്ങിയതാരാവാം**?**

**16.**സ്വയം ബുദ്ധികെട്ട കരിന്തിരിയായത് ആരാണ്**?**

**17.**എവിടേക്ക് പോകുവാനാണ് കരിന്തിരിയാവും വരെ അമ്മ ശഠിച്ചത്**?**

**18.**ഒടുവിൽ അമ്മയെ ഉപേക്ഷിക്കുവാൻ മകൻ എത്തിച്ചേരുന്നതെവിടെ**?**

**19.**കരിന്തിരി എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് എന്ത്**?**

**20.**കരിന്തിരി എന്ന പ്രയോഗം അർത്ഥമാക്കുന്നത് എന്ത്**?**

**21.**കരിമ്പടം എന്തിൻറെ ഓർമ്മയാണ്**?**

**22.**എവിടെ പറ്റിക്കിടന്ന ചൂടാണ് മകന് അനുഭവപ്പെടുന്നത്**?**

**23.**എന്തു തരം ഗന്ധമാണ് മകൻ ഓർത്തെടുക്കുന്നത്**?**

**24.**ഒന്നിനും കൊള്ളരുതാത്തവൻ എന്ന് പഴി പറയുന്നതാര്**?**

**25.**എന്തിനാണ് പഴി പറയുന്നത്**?**

**II.**ഉത്തരം എഴുതുക

**1.**ആധുനികകാലത്ത് കുടുംബ ബന്ധങ്ങളുടെ തകർച്ച എവിടം വരെ എത്തിനിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് അമ്മത്തൊട്ടിൽ എന്ന കവിത ഈ പ്രസ്താവന എത്രമാത്രം ശരിയാണ്**?**

**2.**എല്ലാ പരിമിതികളെയും സ്നേഹംകൊണ്ട് മറികടക്കാൻ ആവും അതിലൂടെ മാത്രമേ ആരോഗ്യപരമായ കുടുംബബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും കെട്ടിപ്പടുക്കാൻ ആവൂ അമ്മത്തൊട്ടിൽ എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക**?**

**3.**അമ്മയുടെ ജീവിത അവസ്ഥയുടെ ദൈന്യത ആവിഷ്കരിക്കുന്ന വരികൾ ഏതെല്ലാം**?**

**4.**ഇപ്പെരുംമാളിനെ**-** ഇപ്പെരുമാൾ എന്നു വിശേഷിപ്പിക്കുന്നതിലൂടെ ധ്വനിപ്പിക്കുന്നത് എന്തെല്ലാം**?**

**5.**ഒഴിവുകനത്തൊരിരുളിടം**-**ഈ വരികൾ നൽകുന്ന സൂചന എന്തെല്ലാം**?**

**6.**കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന ഈ പ്രയോഗങ്ങൾ കാവ്യസന്ദർഭത്തിന് നൽകുന്ന സവിശേഷ അർത്ഥം എന്ത്**?**

**7.**ഒന്നിനും കൊള്ളരുതാത്തവൻ എന്ന വിശേഷണം ഈ മകന് എത്രമാത്രം ഇണങ്ങും**?**

**8.**"അന്നത്തെ സൂചി പ്രയോഗത്തിൽ നീറ്റൽ പോ
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്"**-**ഇത് എൻറെ ഓർമ്മയാണ്
ഇത്തരത്തിലുള്ള ഓർമ്മകൾക്ക് ഈ കവിതയിൽ സവിശേഷമായ പ്രാധാന്യമുണ്ട് സമർത്ഥിക്കുക**?**

**9.**"പിന്നെയും മുന്നോട്ട്, വെട്ടമില്ലാളില്ല
<u>കുട്ടിയേകാന്തത കണ്ണുപൊത്തിക്കളി-</u>
<u>ക്കുന്ന</u> വിദ്യാലയമുറ്റമുണ്ടൊന്നിനി"**-**അടിവരയിട്ട് പ്രയോഗം സന്ദർഭത്തിനു നല്കുന്ന ഭാവപ്പൊലിമ കണ്ടെത്തി എഴുതുക**?**

**10.**അമ്മത്തൊട്ടിൽ എന്ന ശീർഷകം കവിതയ്ക്ക് എത്രമാത്രം യോജിച്ചതാണ്**?**